## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3585**      **26.06.2012 ൽ മറുപടിയ്ക്ക്**

### വികലാംഗരുടെ കുടുംബത്തിന് സൗജന്യമായി വൈദ്യുതി കണക്ഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിന് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നുവോ എന്നറിയിക്കാമോ; | (എ) | ഉണ്ടായിരുന്നു. |
| (ബി) ഇപ്പോൾ അങ്ങിനെയൊരു പദ്ധതി നിലവിലുണ്ടോ എന്നറിയിക്കാമോ; | (ബി) & (സി) | ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട്, 1948 ലെ വ്യവസ്ഥകൾ പ്രകാരം കെ.എസ്.ഇ.ബി. പുറപ്പെടുവിച്ച 'കണ്ടീഷൻസ് ഓഫ് സപ്ലൈ' അനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർക്കും, വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിനും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. എന്നാൽ ഇലക്ട്രിസിറ്റി ആക്ട്, 2003 ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2005 ൽ സപ്ലൈ കോഡ് പുറപ്പെടുവിച്ചതോടെ പഴയ ചട്ടങ്ങൾക്ക് സാധുതയില്ലാതായി. 2005 ലെ സപ്ലൈ കോഡിൽ വികലാംഗർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വികലാംഗർക്ക് സൗജന്യമായി വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുള്ള |
| (സി) ഇല്ലെങ്കിൽ വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിന് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ? | | |

[2...

പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ